പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2666

27/01/2014-ൽ മറുപടിയ്ക്കു്

**തൃക്കണ്ണാട് ത്രയംബകേശ്വര ക്ഷേത്രത്തിൽ നിർമ്മാണ പ്രവൃത്തികളിലും നിയമനങ്ങളിലും ക്രമക്കേട്**

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ തൃക്കണ്ണാട് ത്രയംബകേശ്വര ക്ഷേത്രത്തിൽ നിർമ്മാണ പ്രവർത്തികളിലും നിയമനങ്ങളിലും ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) എങ്കിൽ വിശദാംശ ങ്ങൾ അറിയിക്കാമോ; | (എ) & (ബി) ടി ക്ഷേത്രത്തിലെ റീവയറിംഗ് പ്രവർത്തിയുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീവയറിംഗ് പ്രവർത്തിയിൽ എക്സിക്യൂട്ടീവ് ഓഫീസറുടെ ഭാഗത്തു നിന്ന് വീഴ്ചകൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ടീം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും കേരള സ്റ്റോർ പർച്ചേസ് മാന്വലിലെയും കേരള ഫിനാൻഷ്യൽ കോഡിലെയും വ്യവസ്ഥകൾ നഗ്നമായി ലംഘിച്ചുകൊണ്ട് ട്രസ്റ്റിബോർഡിൽ നിന്ന് അനുവാദമോ, മലബാർ ദേവസ്വം ബോർഡിൽ നിന്നും അംഗീകാരമോ ലഭിക്കുന്നതിന് മുൻപ് തികച്ചും തന്നിഷ്ട പ്രകാരം 10,60,000/- രൂപ അടങ്കലുള്ള റീവയറിംഗ് പ്രവർത്തിക്ക് പത്രപ്പരസ്യം വഴി ക്വട്ടേഷൻ ക്ഷണിച്ച് Kencos എന്ന സഹകരണ സ്ഥാപനത്തിന് നൽകി. |
| സി) ഇതു സംബന്ധിച്ച് എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) ചട്ടങ്ങൾ മറികടന്ന് പ്രവർത്തിച്ച എക്സിക്യൂട്ടീവ് ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദീകരണം ചോദിക്കുന്നതിനും, പ്രവൃത്തിയുടെ സ്പെസിഫിക്കേഷനിലും, ക്വാണ്ടിറ്റിയിലും അപാകതകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും കൂടാതെ സഹകരണ സ്ഥാപനം മുഖേനയാണ് പ്രവർത്തി നടത്തിയിട്ടുള്ളത് എന്നതിനാലും ഫൈനൽ ബിൽ തുകയായി 8,69,580/- രൂപ അനുവദിക്കാവുന്നതാണെന്നും പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെയും മലബാർ ദേവസ്വം ബോർഡ് കൺസൽട്ടിംഗ് എഞ്ചിനീയറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി തുക അനുവദിക്കുന്നതിനും ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ